**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലയുടെ രജിസ്ട്രാർ പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാലയുടെ രജിസ്ട്രാർ പദവിയിൽ നിയമിതനാകുവാനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; നിലവിലെ കേരള സർവ്വകലാശാല രജിസ്ട്രാറുടെ അക്കാദമിക യോഗ്യതകളും ഭരണ പരിചയവും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | കേരള സർവ്വകലാശാല രജിസ്ട്രാറായി നിയമിതനാകുവാനുള്ള യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു. കേരള സർവ്വകലാശാലയുടെ നിലവിലെ രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ.എസ്.അനിൽകുമാർ കേരള സർവ്വകലാശാലയിൽ നിന്നും Technology Management ൽ M.Tech ഡിഗ്രിയും Ph.D ഡിഗ്രിയും നേടിയിട്ടുണ്ട്. അക്കാദമിക, ഭരണ പരിചയം : 1. 01.06.1998 മുതൽ വിവിധ ദേവസ്വം ബോർഡ് കോളേജുകളിൽ Lecturer, Associate Professor, Professor, Principal തസ്തികയിലുള്ള പ്രവർത്തി പരിചയം. 2. Head, e-Governance, Kerala State IT Mission. 3. State Nodal Officer, e-Government Procurement Project. 4. Nodal Officer, Sabarimala Pilgrim Management System. |
| (ബി) | സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായ ഏതൊരാൾക്കും രജിസ്ട്രാർ പദവിയിൽ നിയമിതനാകുന്നതിന് സാധ്യമാണോ; നിലവിലെ രജിസ്ട്രാർ നിയമിതനായത് എന്നാണെന്നും എത്ര വർഷത്തേക്കാണെന്നും അദ്ദേഹത്തിന് കാലാവധി നീട്ടി നൽകുന്നതിനു സിൻഡിക്കേറ്റ് തീരുമാനമെടുത്തിരുന്നോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കേരള യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് നമ്പർ 12, ചാപ്റ്റർ II, KUFS 1977, ബന്ധപ്പെട്ട ഭേദഗതി നം. 21 of 2019 (സർവ്വകലാശാല നിയമഭേദഗതി ഓർഡിനൻസ്) നിഷ്കർഷിക്കുന്ന പ്രകാരമാണ് രജിസ്ട്രാർ നിയമനം നടത്തുന്നത്. നിലവിലെ രജിസ്ട്രാറായ പ്രൊഫ. (ഡോ.) കെ. എസ്. അനിൽകുമാർ 23.02.2021-ൽ രജിസ്ട്രാറായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ കാലാവധി 23.02.2021 മുതൽ നാല് വർഷത്തേക്കാണ്. കാലാവധി നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. |
| (സി) | കാലാവധി നീട്ടി നൽകുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | കേരള യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് നമ്പർ 12, ചാപ്റ്റർ II, KUFS 1977, ബന്ധപ്പെട്ട ഭേദഗതി നം. 21 of 2019 (സർവ്വകലാശാല നിയമഭേദഗതി ഓർഡിനൻസ്) നിഷ്കർഷിക്കുന്ന പ്രകാരമാണ് രജിസ്ട്രാർ നിയമനം നടത്തുന്നത്. നിലവിലെ രജിസ്ട്രാറായ പ്രൊഫ. |

| | | | |
|---|---|---|---|
| | | | (ഡോ.) കെ. എസ്. അനിൽകുമാർ 23.02.2021-ൽ രജിസ്ട്രാറായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ കാലാവധി 23.02.2021 മുതൽ നാല് വർഷത്തേക്കാണ്. കാലാവധി നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

**കേരള സർവ്വകലാശാല രജിസ്ട്രാറായി നിയമിതനാകുവാനുള്ള യോഗ്യതകൾ :**

| | |
|---|---|
| **Age** | Not less than 40 years and not more than 50 years as on 01.01.2021, but relaxable in the case of those in University Service. (As per the latest notification issued) |
| **Qualifications** | A first or second class Master's Degree or equivalent qualification. (Academic qualifications, age and experience relaxable in the case of candidates otherwise highly qualified). |
| **Experience** | 1. About 5 years teaching experience at University level<br>2. About 5 years administrative experience in a responsible post, including management of staff in a University or College or Education Department or similar institutions. |

**സെക്ഷൻ ഓഫീസർ**